**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3301** **15-02-2024 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട പഞ്ചായത്തിൽ ഇ.എം.എസ് ലൈബ്രറി നിർമ്മാണവും കുറ്റിക്കാട് കുളം നവീകരണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട പഞ്ചായത്തിൽ എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും തുക വിനിയോഗിക്കാൻ അനുമതി ലഭ്യമായ ഇ.എം.എസ് ലൈബ്രറി നിർമ്മാണ പ്രവൃത്തി,കുറ്റിക്കാട് കുളം നവീകരണ പ്രവൃത്തി എന്നിവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | **കാട്ടാക്കട പഞ്ചായത്തിൽ എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും തുക വിനിയോഗിക്കാൻ അനുമതി ലഭ്യമായ ഇ.എം.എസ് ലൈബ്രറി നിർമ്മാണ പ്രവൃത്തി, കുറ്റിക്കാട് കുളം നവീകരണ പ്രവൃത്തി എന്നീ രണ്ടു പ്രവൃത്തികളുടെയും ടെണ്ടർ നടപടികൾ പൂർത്തിയാക്കി, ഇ.എം.എസ് ലൈബ്രറി 03/04/2023 ലും "Kuttikkattukulam Old Age Park and Cultural Stage 08/08/2023 തീയതിയിലും പ്രവൃത്തി ആരംഭിക്കുന്നതിനായി കരാറുകാർക്ക് കൈമാറിയിരുന്നെങ്കിലും നാളിതുവരെയായി പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. പഞ്ചായത്തിന്റെ അനുമതിയോടു കൂടി കുറ്റിക്കാട് കുളത്തിൽ മത്സ്യകൃഷി നടക്കുന്നതിനാൽ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി കുളം വറ്റിച്ച് മത്സ്യക്കുഞ്ഞുങ്ങളെ മാറ്റി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 11/08/2023 ൽ കാട്ടാക്കട ഗ്രാമപഞ്ചായത്തിന് നെയ്യാറ്റിൻകര പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും കത്ത് നൽകിയിരുന്നു. കൂടാതെ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും 17/01/2024-ന് കാട്ടാക്കട പഞ്ചായത്ത് പ്രസിഡന്റിനും, 08/02/2024-ന് ജില്ലാ കളക്ടർക്കും കത്ത് നൽകിയിരുന്നു.** |
| (ബി) | പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി ആരംഭിച്ച് പൂർത്തീകരിയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;വിശദമാക്കാമോ? | (ബി) | പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിന് കുറ്റിക്കാട് കുളത്തിൽ നടത്തി വരുന്ന മത്സ്യകൃഷി മാറ്റി നൽകുന്നതിന് പഞ്ചായത്ത് പ്രസിഡന്റുമായി നടത്തിയ ചർച്ചയിൽ മാർച്ച് 2023 മുതൽ മാർച്ച് 2024 വരെ ഒരു വർഷത്തേക്കാണ് മത്സ്യകൃഷി നടത്തുവാൻ അനുമതി നൽകിയിരിക്കുന്നത് എന്നും ഇതിനിടയിൽ മത്സ്യങ്ങളെ മാറ്റി നൽകണമെങ്കിൽ പഞ്ചായത്ത്, |

| | | | |
|---|---|---|---|
| | | | മത്സ്യകൃഷി നടത്തുന്ന ആൾക്ക് കുളം വറ്റിച്ച് നൽകേണ്ടി വരും എന്നും അതിനുള്ള ഫണ്ട് നിലവിൽ പഞ്ചായത്തിൽ ഇല്ലാത്തതിനാൽ പൊതുമരാമത്ത് വകുപ്പ് കരാറുകാരന് പ്രവൃത്തി തുടങ്ങുമ്പോൾ മത്സ്യങ്ങളെ മാറ്റണമെന്ന് കാട്ടാക്കട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചിരുന്നു. തടസ്സങ്ങൾ നീക്കാതെ പ്രവൃത്തി ആരംഭിക്കുന്നതിന് കരാറുകാരൻ വിസമ്മതിച്ചതിനാൽ ടി പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ മത്സ്യക്കുഞ്ഞുങ്ങളെ മാറ്റി നൽകുന്ന മുറയ്ക്ക് മാത്രമേ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂവെന്ന് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ